# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1027 10.08.2017 ൽ മറുപടിക്ക്

## കായംകുളം മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു.പ്രതിഭ ഹരി | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രം പാർക്ക് ജംഗ്ഷൻ - കെ.പി.റോഡ് റയിൽവേ മേൽപ്പാലം വരെയുള്ള ഫുട്പാത്ത് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തികച്ചും മന്ദഗതിയിലാണ് നടക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം മണ്ഡലത്തിൽ പണികഴിപ്പിക്കുന്ന കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ, തടാകത്തിനു ചുറ്റുമുള്ള പിറ്റിംഗ് പ്രവൃത്തി, ഗ്രാവലിന്റെ ഖനനത്തിൽ വന്ന പ്രാദേശിക നിരോധനംമൂലം മന്ദഗതിയിലായിരുന്നു. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 10.11.2017 വരെ നീട്ടി കൊടുക്കുകയും ഈ സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

കായംകുളം - പത്തനാപുരം ഫുട്പാത്ത് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നതിലേക്കായി ഇലക്ട്രിക് പോസ്റ്റുകളും ടെലഫോൺ പോസ്റ്റുകളും വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ടായിരുന്നു. നിലവിലുള്ള ഓടയുടെ വശങ്ങൾ ഉയർത്തിയും ആവശ്യമായ ഭാഗങ്ങളിൽ ഓട നിർമ്മിച്ചും ഉള്ള പ്രവൃത്തികളാണ് നടന്നു കൊണ്ടിരിക്കുന്നത്. പുതിയതായി ഓട നിർമ്മിക്കുന്ന ഭാഗങ്ങളിൽ അതിർത്തി നിർണ്ണയം നടത്തി കിട്ടേണ്ടതായിട്ടുണ്ട്. ഇപ്പോൾ ഓട നിർമ്മാണം, സ്ലാബ് നിർമ്മാണം, കെർബ്

സ്റ്റോൺ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. നിലവിലെ ട്രാഫിക്കിന് തടസ്സം വരാത്ത രീതിയിൽ പ്രവൃത്തി നടത്തേണ്ടതുകൊണ്ടും, സ്ഥല പരിമിതി മൂലവും മഴക്കാലത്ത് പണി നടത്തിപ്പിൽ വരുന്ന തടസ്സവും പ്രവൃത്തി മന്ദഗതിയിലാകാൻ കാരണമാകുന്നുണ്ട്. കരാറുകാരന്റെ സമീപനവും പണി താമസിക്കാൻ ഇടയായിട്ടുണ്ട്. ഈ പണികളെപ്പറ്റി ബന്ധപ്പെട്ടവരുടെ ഒരു റിവ്യൂ യോഗം നടത്താൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**